# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2107 12.02.2013-ൽ മറുപടി

### ദേശവിരുദ്ധ പ്രവർത്തന സംഘം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ എസ്. രാജേന്ദ്രൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. രാജു എബ്രഹാം | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘം കേരളത്തിലുള്ളതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംഘത്തിന്റെ പ്രവർത്തനം പോലീസ് നിരീക്ഷിക്കുന്നുണ്ടോ ; | (എ) | ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ചില സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പോലീസ് നിരീക്ഷിച്ച് വരുന്നുണ്ട്. |
| ബി) കഴിഞ്ഞ നവംബറിൽ കൊല്ലം കിളികൊല്ലൂരിൽ നിന്നും പതിനാറുകാരനെ തട്ടിക്കൊണ്ടു പോയ ആളിന്റെ ദേശവിരുദ്ധ പ്രവർത്തന സംഘവുമായുള്ള ബന്ധം സംബന്ധിച്ച് അന്വേഷിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ; തട്ടിക്കൊണ്ടുപോയ ആളിനെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. കൊല്ലം കിളികൊല്ലൂർ പി. എസ്. ക്രൈം നം.1328/12 കേസിലെ കാണാതായ അക്ഷയ് എന്ന പതിനാറുകാരനെ തട്ടിക്കൊണ്ടുപോയ മുബിൻ എന്നയാളുടെ ദേശവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്താൻ ബഹു. കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുബിനെ ബഹു. ഹൈക്കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും കോടതി ടിയാനെ വിട്ടയച്ചിട്ടുള്ള തുമാണ്. |
| സി) ഇതിനിടയിൽ പ്രതി മുൻകൂർ ജാമ്യത്തിന് കോഴിക്കോട് സെഷൻസ് കോടതിയിൽ അപേക്ഷ നൽകിയതായി അറിയാമോ ? | സി) | മുബിൻ എന്നയാൾ കോഴിക്കോട് ജില്ലാ സെഷൻസ് കോടതിയിൽ CMC 55/13 ആയി മുൻകൂർ ജാമ്യത്തിന് അപേക്ഷിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ